## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2559 — 09.03.2017 ൽ മറുപടിക്ക്.

## ഇതരസംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ഇപ്പോൾ ഉള്ള ഇതരസംസ്ഥാനത്തൊഴിലാളികളുടെ കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള തൊഴിലാളികളുടെ കണക്ക് സംസ്ഥാനം തിരിച്ച് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തിൽ കൂടുതൽ ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (ബി) ക്രിമിനലുകളും ആക്രമണവാസനയുള്ളവരും തൊഴിലാളികളുടെ ലേബലിൽ കേരളത്തിലേക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരെ നിയന്ത്രിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഉണ്ട്. ഇവരെ നിയന്ത്രിക്കാൻ പ്രത്യേക സംവിധാനങ്ങളില്ല. |
| (സി) കേരളത്തിലെത്തുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തി ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് പദ്ധതി വിഭാവനം |

ചെയ്യുന്നത്. പദ്ധതി പ്രാബല്യത്തിൽ വരുന്നതോട്ടു കൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പ് വരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

സെക്ഷൻ ഓഫീസർ